ഉത്തരം

(എ) 1985-86 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലുമായി നിലവിലുണ്ടായിരുന്ന 113 പദ്ധതികൾക്കു പുറമേ 1985-86-ൽ അനുമതി കിട്ടിയ 36 പദ്ധതികൾക്കും ആർ.ഇ.സി. യുടെ സഹായം ലഭിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*. 1986-87 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, ചിത്തിരപുരം, നിലമ്പൂർ, കോഴിക്കോട് എന്നീ പദ്ധതികൾക്ക് ആർ.ഇ.സി. ധനസഹായം ലഭിക്കുന്നതിനുള്ള അംഗീകാരം ഇതേവരെ കിട്ടിയിട്ടുണ്ട്.

(ബി) എല്ലാ ജില്ലകളിലും.

R.E.C. Works in Kasaragode District

1261. [1896] **Dr. A. Subba Rao** : Will the Minister for Electricity be pleased to state :

(a) The number of R.E.C. Works undertaken by the Kerala State Electricity Board during the years 1983-84, 1984-85, 1985-86 respectively in Kasaragode Division ;

(b) The amount spent on these work during these year ;

(c) Whether there are any Schemes under R.E.C. during the year 1986-87 ;

(d) If so number of Schemes and the total amount allotted for the year ?

Answer

(a) 1983-84 5 Nos.
1984-85 2 Nos.
1985-86 1 No.

(b) Details are being collected

(c) and (d) Non-completed schemes of previous years are being carried out during 1986-87. New Schemes are yet to be finalised.

തിരുവനന്തപുരം-എറണാകുളം റെയിൽവേ ലൈനിന്റെ വൈദ്യുതീകരണം

262. [1898] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-എറണാകുളം റയിൽവേ ലൈൻ വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ജോലാർപേട്ട മുതൽ തിരുവനന്തപുരം വരെയുള്ള റയിൽവേലൈൻ രണ്ടു ഘട്ടങ്ങളിലായി റയിൽവേയുടെ വാർഷിക വർക്സ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി വൈദ്യുതീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(ബി) സംസ്ഥാന സർക്കാരിന് മറുപടിയായി റെയിൽവേ വൈദ്യുതീകരണം മുലധനച്ചെലവേറിയ ജോലിയാണെന്നും ജോലാർപേട്ട പാലക്കാട് തിരുവനന്തപുരം ലൈനിന്റെ ഇപ്പോഴത്തെ ഗതാഗത സാന്ദ്രതയുടെ അടിസ്ഥാനത്തിലും, വിവേ ലഭ്യതയുടെ അപര്യാപ്തതയാലും പ്രസ്തുത ലൈനിന്റെ വൈദ്യുതീകരണം ഏഴാം പഞ്ചവൽസര പദ്ധതിക്കാലത്ത് റെയിൽവേയുടെ വൈദ്യുതീകരണ പരിപാടിയിൽ ഉൾപ്പെടുത്തുക പ്രായോഗികമല്ലെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ റെയിൽവേ ഗേറ്റുകളിൽ ഓവർബ്രിഡ്ജിന്റെ പണി

1263. [1899] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം റെയിൽവേ ഗേറ്റുകളിൽ ഓവർബ്രിഡ്ജ് പണിയണമെന്നാണ് സംസ്ഥാന ഗവൺമെന്റ് റെയിൽവേ അധികൃതർക്ക് നിർദ്ദേശങ്ങൾ വെച്ചിട്ടുള്ളത് ;

(ബി) കോഴിക്കോട് ജില്ലയിലെ വെങ്ങാലിയിൽ ഒരു റെയിൽവേ ഗേറ്റ് പണിയുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ റെയിൽ ഓവർ ബ്രിഡ്ജുകൾ പണിയാനുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ സംസ്ഥാന സർക്കാർ റെയിൽവേക്ക് നൽകിയിട്ടില്ല.

(ബി) ഇല്ല.

തലശ്ശേരി റെയിൽവേ ഓവർബ്രിഡ്ജ്

1264. [1900] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ നിലവിലുള്ള റെയിൽവേ ഓവർബ്രിഡ്ജ് പുതുക്കി പണിയുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടിയാണ് ഇതിനകം സ്വീകരിച്ചത് ?

ഉത്തരം

(എ) തലശ്ശേരി കണ്ണൂർ കോഴിക്കോട് സെക്ഷനിൽ കി. മീ. 732/9-10-ൽ നിലവിലുള്ള ലവൽ ക്രോസിങ്ങിനു പകരം കി. മീ. 732/12-13-ൽ (റോഡ് മൈൽ 0/70- ടി. സി. റോഡ്) ഒരു ഓവർബ്രിഡ്ജിന്റെ അലൈൻമെന്റ് പ്ലാൻ പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ച് റെയിൽവേക്കയച്ചു കൊടുത്തിട്ടുണ്ട്.

(ബി) റെയിൽവേയുടെ 1987-88-ലെ വാർഷിക വർക്സ് പ്രോഗ്രാമിൽ റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനു വിധേയമായി ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly